# അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26



## ഗവ .ടൗൺ .യു.പി.എസ് ആറ്റിങ്ങൽ

# ആമുഖം

2025 26 അധ്യയന വർഷം സമഗ്ര ഗുണമേന്മവർഷം എന്ന കാഴ്ചപ്പാട് കൃത്യമായി ഉൾക്കൊണ്ടുകൊണ്ടാണ് ആറ്റിങ്ങൽ ഗവൺമെൻറ് ടൗൺ.യു.പി എസ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26 തയ്യാറാക്കിയിരിക്കുന്നത്. സ്കൂളിൻറെ പ്രത്യേക സാമൂഹിക സാമ്പത്തിക പരിസ്ഥിതികൾ പരിഗണിച്ചുകൊണ്ടാണ് ഈ പദ്ധതി നമ്മുടെ വിദ്യാലയത്തിൽ തയ്യാറാക്കിയിരിക്കുന്നത് . സ്കൂളിൻറെ കാഴ്ചപ്പാട് ലക്ഷ്യങ്ങൾ പാഠ്യേതര മേഖലകളിലെ പ്രവർത്തന പദ്ധതികൾ എന്നിവ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട് . പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനോടൊപ്പം ഓരോ കുട്ടിയുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത് .വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും സ്കൂളിന്റെ സമഗ്ര പുരോഗതിക്കും ഈ പദ്ധതി ലക്ഷ്യമിടുന്നു സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ് കൈവരിക്കേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ പ്രധാന ലക്ഷ്യം. ഭാഷയിലും ശാസ്ത്രം ഗണിത സാങ്കേതികവിദ്യ എന്നിവയിലും ഓരോ മേഖലയിലും ഓരോ കുട്ടിയും ഉയർന്ന നിലവാരത്തിൽ എത്തിച്ചേരേണ്ടത് എന്നതാണ് പ്രധാന ലക്ഷ്യം. വ്യക്തി വ്യത്യാസങ്ങൾ പരിഗണിച്ചുകൊണ്ട് വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ഇത് നേടിയെടുക്കാൻ പദ്ധതി ലക്ഷ്യമിടുന്നു ക്ലാസ് മുറികളിലെ പ്രവർത്തനങ്ങളിലൂടെ ഒരു പ്രത്യേക വായന സംസ്കാരം ഓരോ കുട്ടിയിലും വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം.

# വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ

## ഭാഷ

ഭാഷാ വികസനത്തിനുള്ള പൊതുലക്ഷ്യങ്ങൾ, എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക, എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമ ശേഷി ഉറപ്പുവരുത്തുക, എന്നിവയാണ് കുട്ടികളെ പ്രധാനമായി ഉദ്ദേശിക്കുന്ന ഭാഷ ലക്ഷ്യങ്ങൾ . ഒപ്പംകുട്ടികള സാഹിത്യഅഭിരുവളർത്തുന്നതിനും സ്വതന്ത്ര സർഗാത്മക രചനയ്ക്കുള്ള അവസരങ്ങൾഒരുക്കുന്നതിനും സാഹിത്യകാരന്മാരുമായിസംവദിക്കുന്നതിനുള്ള അവസരംഒരുക്കുക എന്നത് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു . മികച്ച വായനാശീലം വളർത്തുക എന്നത് ഞങ്ങളുടെ വിദ്യാലയത്തിന്റെ ഒരു പ്രധാന ലക്ഷ്യം .കുട്ടികളിലെ ഭാഷ ഭാഷാശേഷി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സാഹിത്യകാരന്മാരുമായി സംവദിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ശില്പശാലകൾ സംഘടിപ്പിക്കുകയും ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിനായി AMP പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## ഇംഗ്ലീഷ്

പൊതുവിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ സംസാരിക്കുവാൻ പ്രാപ്തരാക്കുക എന്നുള്ളതാണ് AMP യുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക രസകരമായ ഗെയിമുകളിലൂടെയും ഹലോ ഇംഗ്ലീഷ് സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും ചെയ്തു കൊണ്ടാണ് ഈ ലക്ഷ്യം നേടേണ്ടത് കമ്മ്യൂണിക്കേറ്റീവ് സ്കിൽ എല്ലാ കുട്ടികളിലും ഉറപ്പാക്കുക ഇംഗ്ലീഷ് പുസ്തകങ്ങൾ പരമാവധി ഉറപ്പാക്കിക്കൊണ്ട് ലൈബ്രറി ശാക്തീകരിക്കുക എന്നിവയും ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട താണ്

## ഗണിത പ്രവർത്തനങ്ങൾ

ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം ഗണിത ചിന്താശേഷി വളർത്താൻ ഗണിത അഭിരുചി വളർത്താൻ ഗണിത താൽപര്യം വളർത്താൻ ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ ഗണിത ലാബ് ഗണിത മൂല എന്നിവ പ്രയോജനപ്പെടുത്തി ഗണിത പഠനം കൂടുതൽ

രസകരമാക്കാൻ ഗണിത വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കും ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുക

## പരിസര പഠനം

പരിസര പഠനം ഓരോ കുട്ടിയിലും ശാസ്ത്ര ചിന്തയും ശാസ്ത്ര അവബോധവും ശാസ്ത്ര താല്പര്യവും വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് AMP യിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഒന്നാം ക്ലാസ് മുതൽ കുട്ടികൾ ലഘുപരീക്ഷണങ്ങൾ ഏർപ്പെടുകയയും കൃത്യമായി പരീക്ഷണ ഫലങ്ങൾ നിരീക്ഷിക്കുകയും രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്യുന്നു. പരീക്ഷണത്തിന് ഒരു പകൽ എന്ന പ്രോഗ്രാം വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു രക്ഷിതാക്കളെയും പ്രോഗ്രാമിന്റെ ഭാഗമാക്കുന്നു ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികളും ലഘുപരീക്ഷണത്തിൽ പങ്കാളികളാകുന്നു ആധുനികശാസ്ത്ര ഉപകരണങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കുന്നതിനുള്ള കഴിവ് ഓരോ കുട്ടിയിലും ഉണ്ടാക്കിയെടുക്കുന്നതിനും ലാബ് നവീകരിക്കുന്നതിനുള്ള കാര്യങ്ങൾ AMP യിൽ ലക്ഷ്യമിടുന്നു.

## സാമൂഹികം

മെച്ചപ്പെട്ട സാമൂഹ്യബോധം ഓരോ കുട്ടിയിലും വളർത്തിയെടുക്കേണ്ടതുണ്ട് സാമൂഹ്യ പ്രശ്നങ്ങൾ തന്റേതായ ഇടപെടൽ നടത്തുന്നതിനും ശരിയായ ഒരു ജനാധിപത്യ ജീവിത സംസ്കാരം വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ AMP യിൽ ഉൾപ്പെടുത്തിയിട്ടുണ്ട് 'വിനാചരണങ്ങൾ ചർച്ചകൾ സംവാദങ്ങൾ ബോധവൽക്കരണ ക്ലാസുകൾ സുരക്ഷാ ക്ലാസുകൾ എന്നിവ ഈ ലക്ഷ്യ പൂർത്തീകരണത്തിനായി ഒരുക്കിയിട്ടുണ്ട്.

## ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിനും കലാപരിശീലനത്തിനുമായി സമഗ്രമായ ഒരു പരിശീലന പദ്ധതി തന്നെ വിദ്യാലയത്തിൽ തുടർന്നുവരുന്നു. കലാപരിശീനത്തിനുള്ള അവസരങ്ങൾ എല്ലാ ആഴ്ചയിലും നിശ്ചിതമണിക്കൂറുകൾ നടന്നു വരുന്നു എല്ലാദിവസവും കായിക പരിശീലനത്തിനുള്ള അവസരങ്ങൾ ഒരുക്കിയിട്ടുണ്ട് ആരോഗ്യ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചർച്ചകൾ സെമിനാറുകൾ ബോധവൽക്കരണ ക്ലാസുകൾ കൗൺസിലിംഗ് ക്ലാസുകൾ എന്നിവ നിശ്ചിത ഇടവേളകളിൽ AMP യിൽ ഒരുക്കിയിട്ടുണ്ട്.

## ഹിന്ദി

കുട്ടികളിൽ ദേശസ്നേഹം ഭാഷ സ്നേഹവും വളർത്തിയെടുക്കുന്നതിനുള്ള നിരവധി അവസരങ്ങൾ AMP യിൽ ഒരുക്കിയിട്ടുണ്ട് ഭിന്ന ശേഷിക്കാരായ കുട്ടികളെയും അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് തെളിയിക്കുന്നവരായി മാറ്റിയെടുക്കാൻ വേണ്ട പ്രവർത്തനങ്ങളും AMP യിൽ ഒരുക്കിയിട്ടുണ്ട്

## സംസ്കൃതം

പ്രൈമറി തലം മുതൽ സംസ്കൃതഭാഷ വായിക്കുന്നതിനും എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിൽ സംസ്കൃത ഭാഷാ പഠനം AMP യിൽ ലക്ഷ്യമിടുന്നു ഒപ്പം പ്രതിഭകൾക്ക് തങ്ങളുടെ കഴിവും മെച്ചപ്പെടുത്തുന്ന അവസരങ്ങളും ഒരുക്കിയിട്ടുണ്ട്

## അറബിക്

ആത്മവിശ്വാസത്തോടെ തെറ്റുകൂടാതെ അറബ് ഭാഷ സംസാരിക്കുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനുള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നതിന് ഉചിതമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.

## ഐടി വിദ്യാഭ്യാസം

ഐടി വിദ്യാഭ്യാസം പ്രൈമറി തലം മുതൽ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുകയും ടെക്സ്റ്റ് ബുക്ക് വിനിമയത്തിനൊപ്പം ഒരു പഠന സാമഗ്രി എന്ന നിലയിൽ ഐസിടി സാങ്കേതികത പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ AMP യിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

### AMP വിഭാവന ചെയ്യുന്ന സവിശേഷ പ്രവർത്തനങ്ങൾ

- പാട്ടരങ്ങ്.
- നാട്ടുവിശേഷം കൂട്ടെഴുത്ത്.
- റീഡേഴ്സ് തിയേറ്റർ.
- കഥോത്സവം .
- കഥപറയാൻ കഥാകാരനെ അറിയാം .
- ഭാഷോത്സവം .
- സാഹിത്യ സംവാദം.
- ചൊൽ കാഴ്ച.
- പരീക്ഷണത്തിന് ഒരു പകൽ .
- ഗണിതോത്സവം .
- ഇംഗ്ലീഷ് അസംബ്ലി .
- ഇംഗ്ലീഷ് ഡയറിക്കുറിപ്പുകൾ.
- ഫീൽഡ് ട്രിപ്പ് ,പുഴയെ അറിയാം, ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശനം .
- ഹിന്ദി അസംബ്ലി .
- സംസ്കൃത അസംബ്ലി .
- ഇംഗ്ലീഷ് പത്രം , ഇംഗ്ലീഷ് മാഗസിൻ.
- ദിനാചരണ പതിപ്പ് .

- ചോക്ക് ,ലോഷൻ ,സോപ്പ് നിർമ്മാണം .
- റേഡിയോ ക്ലബ് പ്രവർത്തനങ്ങൾ .
- സ്പോർട്സ് ക്ലബ് പ്രവർത്തനങ്ങൾ .
- സർഗ്ഗ വേദികൾ.
- ജൈവവൈവിദ്യ രജിസ്റ്റർ തയ്യാറാക്കൽ
- കണ്ടൽക്കാടുകൾ നിരീക്ഷണം
- എനർജി ക്ലബ്ബ് പ്രവർത്തനങ്ങൾ
- വിസ്മയ യാത്ര ഐസിടി സാങ്കേതികവിദ്യ ഉപയോഗിച്ച്
- ഭക്ഷ്യ മേള
- മികവുത്സവം

# <u>ക്ലാസ് തല മാസ്റ്റർ പ്ലാൻ</u>

ഗവ .ടൗൺ .യു.പി.എസ് ആറ്റിങ്ങൽ

ക്ലാസ് 1.

**ഒന്നാം ക്ലാസിലെ ഓരോ കുട്ടിയുടെയും സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകനും ലക്ഷ്യം വയ്ക്കുന്നത്.എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് അക്കാദ്യം മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| താളത്മായി കവിതകൾ ചൊല്ലാൻ കഥാവേളകളിൽ ചെറു സദസിനു മുൻപിൽ കഥ ആവാത്മകമായി പറയുന്നു കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയം ചോർച്ചയില്ലാതെ ഭാവു ഉൾക്കൊണ്ട് സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു | മലയാള മധുരം പരിപാടിയുടെ ഭാഗമായി ലഭിച്ച മഹാപുസ്തകങ്ങൾ കുട്ടികൾക്ക് കൊടുത്തുവിടുന്നു രക്ഷിതാവ് കുട്ടികൾക്ക് കഥ വായിച്ചു കൊടുക്കുന്നു കഥകൾ എല്ലാ ദിവസവും രാവിലെ അവതരിപ്പിക്കുന്നു | JUNE |
| | ഒരു ദിവസം രണ്ടു കുട്ടികൾ പാഠഭാഗവുമായി കുട്ടിക്ക് അറിയാവുന്നതുമായ കുട്ടി കവിതകൾ | JULy |

| | | |
|---|---|---|
| | കാണാത്മകമായി ചൊല്ലാനുള്ള അവസരം നൽകുന്നു | |

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു അഞ്ചുവരെയുള്ള എണ്ണത്തെ കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു സംഖ്യാ കാർഡ് നിർമ്മിക്കുന്നു | JUNE, JUly |

## ENGLISH

| Objectives | Activities | Duration |
|---|---|---|
| To enable the learners to enjoy different discourses. Respond to simple instructions in the class room | Introduce simple words. Provides picture cards. | June,July |

ക്ലാസ് 2

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഓരോ കുട്ടിക്കും സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതിന് ആശയ ഗ്രഹണ വായന ഉറപ്പാക്കുന്നതിന് | ചിത്ര കാർഡുകൾ കഥാചിത്രങ്ങൾ എന്നിവ നൽകി സംഭാഷണത്തിന് അവസരം ലഘു രചനകളിൽ ഏർപ്പെടാൻഅവസരം സചിത്ര ഡയറി തയ്യാറാക്കൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനകൾ തയ്യാറാക്കൽ | JUNE JULY |
| തെറ്റില്ലാതെ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന് | വായനയുടെ സാധ്യതകൾ ഉറപ്പിക്കും കടങ്കഥ മത്സരം കഥപറച്ചിൽ വായനാ കാർഡുകൾ നൽകിക്കൊണ്ട് ക്ലാസ് ലൈബ്രറി ശാക്തീകരിക്കും | JULY AUGUST SEPTEMBER |
| വർഷാവസാനം സ്വതന്ത്ര ലേഖനത്തിൽ സ്വതന്ത്ര വായനയിൽ ഏർപ്പെടുന്നതിന് | വായന കാർഡുകളുമായി ബന്ധപ്പെടുത്തി സ്വതന്ത്ര വായനയ്ക്കും സ്വതന്ത്ര ലേഖനത്തിനും അവസരം വ്യത്യസ്ത വ്യവഹാര രൂപങ്ങൾ | |

| | | |
|---|---|---|
| | തയ്യാറാക്കാം കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു സ്വതന്ത്ര സർഗാത്മ രചനകൾ നടത്തുന്നു | |
| ചിത്രത്തെ ആസ്പദമാക്കി കഥ സംഭാഷണം ലഘു വിവരണം എന്നിവ തയ്യാറാക്കുന്നതിന്. | വായന കാർഡുകളുമായി ബന്ധപ്പെടുത്തി സ്വതന്ത്ര വായനയ്ക്കും സ്വതന്ത്ര ലേഖനത്തിനും അവസരം വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കാം | OCTOBER NOVEMBER,DECEMBER,JANUARY |
| ആശയം താളം ഈണം എന്നിവ പരിഗണിച്ച് കവിതകൾ എഴുതുകയും ചെല്ലുകയും ചെയ്യുന്നു | കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു സ്വതന്ത്ര സർഗാത്മ രചനകൾ നടത്തുന്നു | FEBRUARY, MARCH |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഗണിത പഠനം രസകരവും ആസ്വദികരവും ആക്കുന്നതിന് ഓരോ പഠന നേട്ടത്തിലൂടെയും ഗണിത ആശയങ്ങൾ ഉൾക്കൊണ്ടുവേണം കുട്ടി പഠിക്കേണ്ടത് പ്രവർത്തന ലക്ഷ്യങ്ങൾ 100 വരെയുള്ള സംഖ്യാബോധം സംഖ്യാ വ്യാഖ്യാനം സംഘടന വിവരണം പ്രശ്നാവരുത് രൂപങ്ങൾ തിരിച്ചറിയാം സംഖ്യാബോധവും പ്രക്രിയ ശേഷിയും എല്ലാ കുട്ടികളിലും ഉറപ്പിക്കുന്നു ഗണിത ആശയങ്ങൾ ഉറപ്പിക്കാം ഒരു നിശ്ചിത സംഗീതം നിന്ന് ക്രമമായി എണ്ണുന്നതിന് എഴുതുന്നതിന് ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂടിയാൽ ഉത്തരങ്ങൾ വ്യത്യസ്ത തരത്തിൽ കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്. | പ്രവർത്തനങ്ങൾ<br>ഗണിതകേളികൾ<br>ഗണിത പസിലുകൾ<br>ഗണിത മേഗസിൻ<br>ജാമിതീയ രൂപങ്ങളുടെ നിർമ്മാണം സംഖ്യ ചാർട്ട് നിർമ്മാണം ക്ലാസിൽ ഒരു കട | JUNE-MARCH |

# ENGLISH

| AIM | ACTIVITIES | DURATION |
|---|---|---|
| To speak, read and write english without any mistake<br><br>to develop listening and reading skills | Pretest games action songs,language lab games. role play, stories using ICT. | |
| speaking skills | DESCRIPTIONS SELF INTRODUCTION Assembly, Radio Programme Quiz club | JUNE- MARCH |
| Reading skills | Library book reading hello english activities E-cube activities | |
| writing skills | making word webs, picture description chain sentences riddles making add more lines | |

# ക്ലാസ് 3
# മലയാളം

മൂന്നാം ക്ലാസിന്റെ ക്ലാസ് മാസ്റ്റർ പ്ലാനും ജൂൺമാസം മുതൽ മാർച്ച് മാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് മലയാളവും പരിസര പഠനവും ഇടകലർത്തിയാണ് നൽകിയിരിക്കുന്നത് .ഹ്രസ്വകാല പ്രവർത്തനങ്ങൾ ആയിട്ടാണ് പ്രവർത്തനങ്ങൾ നൽകിയിരിക്കുന്നത് നിശ്ചിത പഠന ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രവർത്തനങ്ങൾ നിശ്ചയിച്ചിരിക്കുന്നത് .പ്രവർത്തനങ്ങൾ നൽകുന്നത് വ്യക്തമായ മാർഗനിർദ്ദേശങ്ങളോടെയാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്ത ശേഷം കുട്ടികളുടെ ഉത്പന്നങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതാണ്. ഈ കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ക്ലാസ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കഥകൾ കേട്ടും വായിച്ച് ആസ്വദിച്ചും നാട്ടുകഥകളും നാടോടി കഥകളും മനസ്സിലാക്കി കഥകളോടുള്ള ഇഷ്ടം വളർത്താൻ | കഥ പറയാൻ മൂന്നാം ക്ലാസിലെ എല്ലാ കുട്ടികളും നാട്ടുകഥകൾ നാടോടി കഥകൾ | JUNE |
| ശേഖരിച്ച് കഥകൾ കൈമാറി വായിച്ച് ആസ്വദിക്കാൻ വായന പരിപോഷിപ്പിക്കാൻ | ശേഖരിച്ച് കഥകൾ കുട്ടികൾ കൈമാറി വായിക്കുന്നു ക്ലാസിൽ ഉറക്കെ വായിക്കുന്നു | JULY |
| ഉള്ള സ്ക്രിപ്റ്റുകൾ ആക്കി മാറ്റാൻ ഗ്രൂപ്പിൽ പങ്കാളിയാകുന്നതിന് | ഗ്രൂപ്പുകൾ ആക്കുന്നു വിവിധ കഥകൾ നൽകുന്നു ഗ്രൂപ്പ് അംഗങ്ങൾ സ്ക്രിപ്റ്റുകൾ തയ്യാറാക്കിയ | AUGUST |
| ഭാവാത്മക വായന വളർത്താൻ | ഓരോ ഗ്രൂപ്പും പാവാത്മകമായി വിവിധ കഥാപാത്രങ്ങളായി അവതരിപ്പിക്കുന്നു സ്വയം | SEPTEMBER |

| | | |
|---|---|---|
| | വായനക്കുറിപ്പുകൾ നിർമ്മിക്കുന്നു കുട്ടികൾ സ്വന്തമായ ഒരു കഥ എഴുതി അവതരിപ്പിക്കുന്നു | |
| സ്വയം കഥകൾ വായിച്ച് ആസ്വദിക്കുന്നതിന് സ്വയം കഥ എഴുതുന്നതിന് | | OCTOBER |
| പരിസര പഠനം ജല സംരക്ഷണത്തിനുള്ള ഉപായങ്ങളെ കുറിച്ചുള്ള ആശയങ്ങൾ കണ്ടെത്തുന്നതിന് | എൻറെ വീട്ടിലെ ജല സംരക്ഷണം മാർഗങ്ങൾ പ്രോജക്ക് | NOVEMBER-DECEMBER |
| ശുചിത്വബോധം കുട്ടികളെ വളർത്തുന്നതിന് | പരിസരത്തിന് ഞാൻ കണ്ടെത്തിയ ഒരു നൂതന മാർഗം | JANUARY |
| ട്രാഫിക് നിയമങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിന് | കുട്ടികളുടെ അവതരണം കൊളാഷ് നിർമ്മാണം | FEBRUARY |
| സ്കൂളിലെ സസ്യ വിഭാഗങ്ങൾ മനസ്സിലാക്കുന്നതിനും ജൈവവിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിനും കുട്ടിയുടെ രചനയുടെ പതിപ്പ് ഡിജിറ്റലായി തയ്യാറാക്കുന്നുണ്ട് | ജൈവവൈ രജിസ്റ്റർ തയ്യാറാക്കുന്നു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കാം | MARCH |